തേജസ്
ആഴ്ചവട്ടം
2012 നവംബർ 18 ഞായർ വാല്യം 6 ലക്കം 351

2
പ്രതിസന്ധികൾക്കിടിലും ആരോടും പരിഭവിക്കാത്ത തന്റേരാഗിയെക്കുറിച്ച് ഡോ. അബ്ദുർറഹ്മാൻ ധാനി എന്റെ ഓർമയിൽ

3
ബലൂചിസ്താനിലെ ഗിരിവർഗ ജനതയുടെ ജീവിതാഖ്യാനം കൊണ്ട് സമ്പന്നമാണ് ജമീൽ അഹ്മദിന്റെ 'വാണ്ടറിങ് ഫാൽക്കൻ'

4
റേഡിയോ കോയയുടെ ഗ്രാമഫോൺ റിക്കാർഡ് ശേഖരത്തെയും കോഴിക്കോടൻ മെഹ്ഫിലിനെയും കുറിച്ച്

പതിഞ്ഞ സ്വരത്തിൽ മാത്രം സംസാരിക്കുന്ന ഈ മനുഷ്യന് എങ്ങനെയാണ് ആഗോള ഇസ്‌ലാമിക സമൂഹത്തിൽ ആശയപരമായ ഒരു തകിടംമറിച്ചിലിനു തുടക്കമിടാനാവുക എന്ന് ആരും സംഭ്രമിച്ചു പോവും. പക്ഷേ, അലി മണിക്ഫാൻ അസാധ്യമായത് സാധിക്കുന്നു.

ലോകത്തോട് മണിക്ഫാൻ

ഫോട്ടോ: മാജിദ് അഴീക്കോട്

ഷഹീദ്

ലക്ഷദ്വീപിന്റെ ഇതിഹാസത്തിൽ രവി ശെയ്ഖ് മിയാൻ തങ്ങളുടെ ഒരു ചിത്രം ബോർഡിൽ വരയ്ക്കുന്നുണ്ട്. കൂർത്ത മൂക്ക്, ഇഴകൾ തെറ്റിപ്പിരിഞ്ഞ താടി, മുക്കാൽക്കയ്യൻ കുപ്പായം, തലപ്പാവ്- ഇങ്ങനെയൊരു ചിത്രം. അലി മണിക്ഫാൻ ഏതാണ്ട് ഇതേപോലൊരു ഓർമയാണുണർത്തുക. ഏറിവന്നാൽ ലക്ഷദ്വീപിൽ നിന്നു വരുന്ന ഒരു തങ്ങൾ. പതിഞ്ഞ സ്വരത്തിൽ മാത്രം സംസാരിക്കുന്ന ഈ മനുഷ്യന് എങ്ങനെയാണ് ആഗോള ഇസ്‌ലാമിക സമൂഹത്തിൽ ആശയപരമായ ഒരു തകിടംമറിച്ചിലിനു തുടക്കമിടാനാവുക എന്ന് ആരും സംഭ്രമിച്ചുപോവും. പക്ഷേ, മണിക്ഫാൻ അസാധ്യമായത് സാധിക്കുന്നു.

ഒരു സന്ധ്യാവേളയിൽ കോഴിക്കോട്ട് നല്ലളത്തുള്ള മണിക്ഫാന്റെ വീട്ടിൽ വച്ച് ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. പുറത്ത് ഇരുൾ വീഴുന്നു. പക്ഷേ, ഇലച്ചാർത്തുകളിലേക്കു നിലാവെളിച്ചം അരിച്ചിറങ്ങുന്നുണ്ട്. ദുഃഖം കനത്തുനിൽക്കുന്ന നിശ്ശബ്ദത. കാറ്റില്ല, അനക്കമില്ല. പ്രകൃതിയുടെ ശൂന്യതയിലേക്കു നോക്കി അതിന്റെ നിഗൂഢ വിസ്മയങ്ങളെക്കുറിച്ച് അദ്ദേഹം സംസാരിച്ചു.

കടലിൽ വീണുപോയ മരതകക്കല്ലുകളാണ് ലക്ഷദ്വീപുകൾ. അവയിൽ ഭാഷ കൊണ്ടും സംസ്കാരം കൊണ്ടും ജീവിതരീതികൾ കൊണ്ടും വേറിട്ടുനിൽക്കുന്ന ദ്വീപാണ് മിനിക്കോയ്. മണിക്ഫാൻ,

ടിം സേവറിൻ

തക്രൂഫാൻ, തക്രൂ, റാവേരി എന്നീ നാലു തട്ടുകളിൽ കഴിയുന്ന ജനങ്ങൾ. അതിൽ മണിക്ഫാൻ ആണ് ഏറ്റവും ഉയർന്ന വിഭാഗം. (കോഴിക്കോട്ടെ കോയമാരെപ്പോലെ എന്നു പറയുമ്പോൾ ആ മുഖത്ത് കള്ളച്ചിരി). എന്നാൽ, അവിടത്തെ ജനങ്ങൾക്കിടയിൽ കരയിലെ ആളുകൾക്ക് അപരിചിതമായ ഒരുതരം ഒരുമയുണ്ട്.

പെരുന്നാൾ ദിവസങ്ങളിൽ മിനിക്കോയ് ദ്വീപിൽ ഒരു വീട്ടിലും അടുപ്പിൽ തീപൂട്ടാറില്ല. ഓരോ ഗ്രാമത്തിലും പൊതുഅടുക്കളയാണ്. എല്ലാവർക്കും വേണ്ട ഭക്ഷണം ഒരുമിച്ചു പാകം ചെയ്ത് നാട്ടുകാർ ഒരുമിച്ചു ഭക്ഷിക്കുന്നു. ഇങ്ങനെ ഒമ്പതോ പത്തോ ഗ്രാമങ്ങൾ, അത്രയും കമ്മ്യൂണിറ്റി കിച്ചണുകൾ, ദ്വീപുനിവാസികളിൽ പ്രകൃതിയുടെ താളഭേദങ്ങളും രാഗദ്വേഷങ്ങളും അനിവാര്യമായും പകർന്നുനൽകിയ സംഘബോധമുണ്ട്. അത് മണിക്ഫാനിലും ചെറുപ്പത്തിലേ യുണ്ടായിരുന്നു.

എല്ലാവരും ഒത്തൊരുമിച്ച് ഒരു സമൂഹമായി, പ്രകൃതിയുടെ ഇച്ഛകൾക്ക് അനുസൃതമായി, കാറ്റിനും തിരമാലകൾക്കുമൊത്ത്, സ്വന്തമായ ഒരു ജൈവതാളം സൃഷ്ടിച്ചുകൊണ്ട് ജീവിക്കുക. മണിക്ഫാന്റെ അന്വേഷണങ്ങളുടെയും കണ്ടെത്തലുകളുടെയുമെല്ലാം പിന്നിൽ പ്രകൃതിയുടെ ഈ ജൈവതാളം നൽകിയ

സ്വാധീനമാണുള്ളത്. ആ സ്വാധീനത്തിൽ നിന്നാണ് കടലിലെ മൽസ്യങ്ങളെയും ആകാശങ്ങളിലെ നക്ഷത്രഗണങ്ങളെയും മറ്റു പ്രാപഞ്ചിക പ്രതിഭാസങ്ങളെയുമെല്ലാം അറിയാനുള്ള താൽപ്പര്യത്തിന്റെ ഉറവപൊട്ടിയത്.

ഡ്രോപ്ഔട്ടല്ല, വാക്ഔട്ട്

മിനിക്കോയ് നിവാസികൾ പൊതുവെ കപ്പൽത്തൊഴിലാളികളും മീൻപിടിത്തക്കാരുമാണ്. സംവരണമുള്ളതിനാൽ പഠിച്ചു പരീക്ഷകൾ പാസായാൽ സർക്കാർജോലി വലിയ പ്രയാസമില്ലാതെ ലഭിക്കും. അലി മണിക്ഫാൻ കണ്ണൂരിൽ പഠിക്കാനെത്തുന്നത് അതിന്റെയൊക്കെ ഭാഗമായാണ്. പക്ഷേ, ദ്വീപ് മണിക്ഫാന്റെ സ്വത്വത്തിൽ രൂപപ്പെടുത്തിയ താളം കണ്ണൂർവാസം നഷ്ടപ്പെടുത്തുകയായിരുന്നു. അതിനു കാരണമായത് പഠനത്തിന്റെ ഔപചാരികതയാണ്. വിദ്യാർഥികളുടെ മൗലികസിദ്ധികളെയും സർഗാത്മകതയെയും കണക്കിലെടുക്കാത്ത, അന്നത്തെ നടപ്പു വിദ്യാഭ്യാസരീതി മണിക്ഫാനെ മടുപ്പിച്ചു.

ഔപചാരിക വിദ്യാഭ്യാസം ഒരു പ്രത്യേക തരം 'സ്റ്റാന്റേർഡൈസേഷനി'ലാണ് ഊന്നുന്നത്. എല്ലാവരെയും ഒരു പ്രത്യേക മാനദണ്ഡത്തിലേക്കൊതുക്കുന്നു. പ്രോക്രസ്റ്റസ് തന്റെ കട്ടിലിനൊത്ത് വലുപ്പം കൂട്ടുകയും കുറയ്ക്കുകയും ചെയ്യാൻ വേണ്ടി മനുഷ്യരെ അടിച്ചുനീട്ടിയ പോലെയാണ് വിദ്യാർഥികളെ ആളുകൾ കൈകാര്യം ചെയ്യുന്നത്. ചെരുപ്പിനൊത്തുള്ള ഈ കാലുമുറിക്കൽ അലിക്ക് സഹിക്കാനാവുന്നതിനപ്പുറമായിരുന്നു. പഠനം നിർത്തി അദ്ദേഹം നാട്ടിലേക്കു മടങ്ങി. ഈ അർഥത്തിൽ നമുക്ക് അലി മണിക്ഫാനെ സ്കൂൾ ഡ്രോപ്ഔട്ട് എന്നു വിളിക്കാം. പക്ഷേ, അദ്ദേഹം യഥാർഥത്തിൽ വാക്ഔട്ട് ചെയ്യുകയായിരുന്നു.

നൈസർഗിക വാസനകളെയും പ്രകൃതിയുടെ ചോദനകളെയും തകിടംമറിക്കുന്ന ഔപചാരിക വിദ്യാഭ്യാസത്തിൽ നിന്ന് മണിക്ഫാൻ കരളുറപ്പോടെ ഇറങ്ങിപ്പോന്നു. പിന്നീട് കുടുംബവും കുട്ടികളുമായപ്പോൾ മണിക്ഫാൻ മക്കൾക്ക് ഔപചാരിക വിദ്യാഭ്യാസം നൽകാൻ മെനക്കെട്ടില്ല. പ്രകൃതിയിൽ നിന്നുതന്നെയുണ്ടല്ലോ പഠിക്കാൻ ധാരാളം.

എട്ടാം ക്ലാസിനപ്പുറത്തേക്ക് കടന്നുചെല്ലാത്ത മണിക്ഫാന് വിവിധ ഭാഷകളറിയാം. മറൈൻ ബയോളജിയുടെയും ഭൂമിശാസ്ത്രത്തിന്റെയും ജ്യോതിശാസ്ത്രത്തിന്റെയും പരിസ്ഥിതി വിജ്ഞാനശാസ്ത്രത്തിന്റെയും അതിഗഹനമായ സിദ്ധാന്തങ്ങൾ പലതും അദ്ദേഹത്തിന് മനഃപാഠം. പരമ്പരാഗതമായ കപ്പൽ നിർമാണവും മൽസ്യബന്ധന വ്യവസായവും അഗ്രികൾച്ചറും ഹോർട്ടികൾച്ചറുമെല്ലാം പ്രായോഗിക വിജയത്തിലെത്തിക്കാനുള്ള അറിവ് വളരെ പ്രബലം. അങ്ങനെ പറഞ്ഞാൽ മണിക്ഫാൻ മഹാത്മാഗാന്ധിയെപ്പോലെ ഒരാളാണ്. എല്ലാ പ്രാപഞ്ചിക പ്രതിഭാസങ്ങളിലും ദൈവത്തിന്റെ കൈയൊപ്പ് കാണുന്ന വ്യക്തി. അതുകൊണ്ടുതന്നെ പ്രകൃതിക്ക് അനുയോജ്യമായ ജീവിതരീതികളിലൂടെ ദൈവത്തെ തേടാനാണ് അദ്ദേഹം ശ്രമിച്ചുപോന്നത്. മണിക്ഫാന്റെ വഴികൾ പ്രകൃതിയെ തൊട്ടറിഞ്ഞുകൊണ്ടുള്ളവയായിത്തീരുന്നത്, അദ്ദേഹം അവയെ ദൈവാരാധനയുടെ ഭാഗമെന്ന നിലയിൽ സമീപിക്കുന്നതിനാലാണ്.

സ്കൂൾ പഠനം നിർത്തിയെങ്കിലും ജീവിക്കാൻ വേണ്ടി പല ജോലികളും ചെയ്തിട്ടുണ്ട് മണിക്ഫാൻ. 1956ൽ അധ്യാപകനായി. പിന്നീട് ദ്വീപിലെ ആമീന്റെ ആപ്പീസിൽ ഗുമസ്തനായി. ഒടുവിൽ 1960ൽ ഫിഷറീസ് ലബോറട്ടറിയിൽ ജോലിക്കാരനായതാണ് മണിക്ഫാന്റെ ജീവിതത്തിന്റെ ഗതി മാറ്റിയത്. മിനിക്കോയ് ദ്വീപിലെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറക്ടറായിരുന്നു ഡോ. എസ് ജോൺസ് എന്ന മറൈൻ ബയോളജിസ്റ്റ്. ലക്ഷദ്വീപിനു ചുറ്റുമുള്ള കടലിലെ പല അപൂർവ മൽസ്യങ്ങളെയും കണ്ടെത്തുന്നതിനും അവയെക്കുറിച്ചു പഠിക്കുന്നതിനും മണിക്ഫാൻ ജോൺസിനു തുണയായി. ഈ കൂട്ടാണ് അബൂദെഫ്ദഫ് മണിക്ഫാനി (Abudefduf manikfani) എന്ന മൽസ്യത്തെ കണ്ടെത്തുന്നതിലെത്തിച്ചേർന്നത്. അതേവരെ ആരും കണ്ടെത്തിയിട്ടില്ലാത്തതുകൊണ്ടാണ് ഈ മൽസ്യം മണിക്ഫാന്റെ പേരിലറിയപ്പെടുന്നത്.

ടിം സേവറിനുമായി സഹകരിച്ച് സിന്ദ്ബാദിന്റെ യാത്ര മണിക്ഫാൻ പുനരാവിഷ്കരിച്ചു.

ഡൂ നതിങ് ഫാം!

മൽസ്യഗവേഷണകേന്ദ്രത്തിന്റെ ഫീൽഡ് അസിസ്റ്റന്റായി 1967ൽ മണിക്ഫാൻ തമിഴ്നാട്ടിലെ രാമനാഥപുരത്തെത്തുന്നു. പക്ഷേ, 13 കൊല്ലം കൂടി മാത്രമേ ആ സേവനം നീണ്ടുനിന്നുള്ളൂ. പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ചുള്ള നിരവധി ആലോചനകളിൽ കുരുങ്ങിക്കിടക്കുകയും പ്രകൃതിക്ക് അനുയോജ്യമായ ജീവിതരീതികളെക്കുറിച്ചു വേവലാതിപ്പെടുകയും ചെയ്തുകൊണ്ടിരുന്ന മണിക്ഫാന് ജോലിയോട് നീതി പുലർത്താനാവുകയില്ലെന്നു ബോധ്യപ്പെട്ടു. അങ്ങനെ 1980ൽ അദ്ദേഹം സ്വയം പിരിഞ്ഞുപോന്നു.

അതിനു മുമ്പുതന്നെ അദ്ദേഹം പ്രകൃതിജീവിതത്തിന്റെ അടിക്കല്ലുകൾ ഇട്ടുകഴിഞ്ഞിരുന്നു. ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനു തൊട്ടടുത്തുള്ള വേദാലയയിലെ തരിശുഭൂമിയിൽ അദ്ദേഹം ഒരു കുടിൽ പണിതു. കോൺക്രീറ്റ് കാടുകൾ മനുഷ്യരെ പ്രകൃതിയിൽ നിന്നകറ്റുന്നു എന്നായിരുന്നു മണിക്ഫാന്റെ സിദ്ധാന്തം. കുടിലിനു ചുറ്റും അദ്ദേഹം വളം ചേർക്കുകയോ നനക്കുകയോ അടിക്കാട് വെട്ടുകയോ ചെയ്യാതെയുള്ള പ്രകൃതികൃഷി നടപ്പാക്കി. പിന്നീട് തിരുനെൽവേലിയിലെ വെള്ളിയൂരിൽ 13 ഏക്കറിലായി കൃഷിപാഠ പരിശീലനം.

'ഡു നതിങ് ഫാം' എന്നാണ് അദ്ദേഹം തന്റെ കൃഷിയിടത്തിനു പേരിട്ടത്. പ്രകൃതികൃഷിയുടെ ആചാര്യനായ ഫുകുവോകയെ അദ്ദേഹം അക്കാലത്ത് കേട്ടിട്ടുപോലുമില്ല. കോൺക്രീറ്റ് നിർമിതിയെ നിരാകരിക്കുന്ന വാസ്തുവിദ്യയെക്കുറിച്ച് യാതൊരറിവും അദ്ദേഹത്തിന് ഇല്ലായിരുന്നു. അദ്ദേഹം തന്റെ പാഠങ്ങൾ കണ്ടെടുത്തത് പ്രകൃതിയിൽ നിന്നാണ്. ഭൂമിയിൽ ഇതര ജീവികൾ ജീവിക്കുന്നത് പ്രകൃതിയിൽ നിന്ന് വേണ്ടതെല്ലാം എടുത്തുകൊണ്ടാണെന്നും അതിനാൽ മനുഷ്യർക്കും ദൈവം കൽപ്പിച്ച വഴി മറ്റൊന്നല്ലെന്നുമായിരുന്നു മണിക്ഫാനിയൻ പാഠം. അതിന് ഒന്നേയുള്ളൂ വഴി: പ്രകൃതിയുമായി പൊരുത്തപ്പെട്ടുപോവുക.

സിന്ദ്ബാദ് യാത്രയുടെ പുനരാവിഷ്കാരം

തോമസ് ആൽവാ എഡിസനെപ്പോലെ, വലിയ വിദ്യാഭ്യാസമൊന്നുമില്ലെങ്കിലും മണിക്ഫാനും ഒരുപാട് കണ്ടുപിടിത്തങ്ങളുടെ ഉപജ്ഞാതാവാണ്. തന്റെ ഡു നതിങ് ഫാമിൽ, സ്വന്തം കുടിലിനരികിൽ തല പോയ ഒരു പനമരത്തിൽ അദ്ദേഹം സ്ഥാപിച്ച കാറ്റാടിയന്ത്രം.

ശേഷം പേജ് രണ്ടിൽ

വളവും നനയുമില്ലാത്ത ഡൂ നതിങ് ഫാം മണിക്ഫാനെ മറ്റൊരു ഫുകുവോക്കയാക്കുന്നു

പേജ് 1 തുടർച്ച

ലോകത്തോട് മണിക്ഫാൻ

ഒരു കാറിന്റെ ഡയനാമോ വഴി ഉൽപ്പാദിപ്പിച്ച വൈദ്യുതി കൊണ്ടായിരുന്നു, കുടിലിലെ റേഡിയോയും ഫാനുമെല്ലാം പ്രവർത്തിച്ചത്. ഊർച്ചപ്പൊടി നിറച്ചുണ്ടാക്കിയ ഫ്രിഡ്ജും റോളർ മോട്ടോർ ഘടിപ്പിച്ച സൈക്കിളുമെല്ലാം അദ്ദേഹം നിർമിച്ചിട്ടുണ്ട്. ഈ സൈക്കിളിൽ മണിക്ഫാനും മകനും മണിക്കൂറിൽ 35 കിലോമീറ്റർ വേഗതയിൽ ന്യൂഡൽഹി വരെ യാത്ര ചെയ്തിട്ടുമുണ്ട്.

മണിക്ഫാന്റെ കീർത്തി ഏറ്റവുമധികം തിളങ്ങിയത് ടിം സേവറിൻ എന്ന അയർലന്റുകാരനായ സാഹസിക സഞ്ചാരി ചരിത്രപ്രസിദ്ധമായ സിന്ദ്ബാദിന്റെ കപ്പൽയാത്രയുടെ പുനരാവിഷ്കാരം നടത്തിയപ്പോഴാണ്. 12 നൂറ്റാണ്ടിൽ സിന്ദ്ബാദ് നടത്തിയതുപോലൊരു യാത്രയായിരുന്നു സേവറിന്റെ ലക്ഷ്യം. അതിന് അതേ മാതൃകയിൽ, പഴയ കപ്പൽ നിർമിക്കാൻ ഉപയോഗിച്ച വസ്തുക്കൾ കൊണ്ട് ഉണ്ടാക്കിയ കപ്പൽ വേണം.

ഈ കപ്പൽ നിർമാണത്തിൽ സേവറിനെ സഹായിച്ചത് മണിക്ഫാനാണ്. ചകിരിത്തൊണ്ടും കയറും മരത്തടികളും ഉപയോഗിച്ച് മണിക്ഫാനും കൂട്ടുകാരും നിർമിച്ച കപ്പലിൽ ടിം സേവറിന്റെ നേതൃത്വത്തിൽ 22 പേരടങ്ങിയ യാത്രികർ മസ്കത്തിൽ നിന്നു കാന്റൺ വരെ യാത്ര ചെയ്തു. മണിക്ഫാൻ നിർമിച്ച കപ്പൽ ഇന്നും ഒമാനിൽ പ്രദർശനവസ്തുവായി സൂക്ഷിച്ചിട്ടുണ്ടത്രേ.

മാസപ്പിറവിയുടെ ജ്യോതിശാസ്ത്രം

പ്രകൃതിയുടെ പാഠങ്ങളെല്ലാം ശാസ്ത്രപാഠങ്ങളാണെന്നാണ് മണിക്ഫാൻ പറയുന്നത്. അചഞ്ചലമായ മതവിശ്വാസം പുലർത്തുന്ന അദ്ദേഹം തന്റെ വാദങ്ങൾ സമർഥിക്കാൻ ഖുർആൻ വചനങ്ങളാണ് ഉദ്ധരിക്കുന്നത്. അങ്ങനെയാണ് അദ്ദേഹം ആഗോള ഹിജ്റ കലണ്ടർ എന്ന ആശയത്തിലെത്തിച്ചേർന്നത്. ഗ്രിഗോറിയൻ കലണ്ടർ അശാസ്ത്രീയമാണെന്നും അതിനനുസരിച്ചുള്ള കാലഗണനയിൽ നിന്ന് മുസ്‌ലിം ലോകത്തിന്റെ മാസ-വർഷ നിർണയങ്ങളെ വിമുക്തമാക്കണമെന്നുമാണ് അദ്ദേഹത്തിന്റെ വാദം.

ചാന്ദ്രമാസം അനുസരിച്ചാണ് ഇസ്‌ലാമിലെ ആരാധനകൾ നിർണയിക്കേണ്ടതെന്ന ആശയദൗത്യവുമായി അദ്ദേഹം ലോകത്ത് ഉടനീളം സഞ്ചരിച്ചിട്ടുണ്ട്. ഏകീകൃത ഹിജ്റ കലണ്ടർ എന്ന ആശയത്തെ ഇസ്‌ലാമിക പണ്ഡിതലോകം താത്ത്വികമായി അംഗീകരിക്കുന്നുണ്ടെങ്കിലും ഇന്റർനാഷനൽ ഇസ്‌ലാമിക് കലണ്ടർ പ്രോഗ്രാം പ്രായോഗിക തലത്തിൽ വിജയിക്കുന്നില്ല.

മണിക്ഫാൻ നിരന്തരമായി ആഗോള തലത്തിലുള്ള ഇസ്‌ലാമിക പണ്ഡിതരുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിക്കൊണ്ടേയിരിക്കുന്നു.

ലക്ഷദ്വീപിലെ ഒരു പെരുന്നാൾ പല ദിവസങ്ങളിലായി നടത്തേണ്ടിവന്ന അനുഭവമാണ് ചാന്ദ്രമാസ നിർണയവുമായി ബന്ധപ്പെട്ട ഗവേഷണ പഠനങ്ങളിലേക്കു മണിക്ഫാനെ നയിച്ചത്. അന്ന് മൂർക്കോത്ത് രാമുണ്ണിയായിരുന്നു അഡ്മിനിസ്ട്രേറ്റർ.

വലിയൊരു ഭിന്നിപ്പിന് ഈ പെരുന്നാളാഘോഷം കാരണമായിത്തീർന്നു. തുടർന്ന് പോലിസ് നടപടികളും അറസ്റ്റുമൊക്കെ നടന്നു. ഇസ്‌ലാം വിഭാവനം ചെയ്യുന്നത് ഇങ്ങനെയൊരു ഭിന്നിപ്പാണോ എന്നായിരുന്നു മണിക്ഫാന്റെ ആലോചന.

ഇന്ന് കേരളത്തിലും തമിഴ്നാട്ടിലും കുറേ പ്രദേശങ്ങളിൽ ഹിജ്റ കലണ്ടർ അനുസരിച്ചു കാലനിർണയം നടത്തുന്നുണ്ട്. ഈ മാതൃകയിലേക്ക് ലോകം നടന്നുവരുമെന്നു തന്നെയാണ് മണിക്ഫാന്റെ പ്രതീക്ഷ.

ഖുർആൻ കാട്ടുന്ന ശാസ്ത്രവഴിയിലൂടെ

പ്രത്യക്ഷത്തിൽ അലി മണിക്ഫാന്റെ കാഴ്ചപ്പാടുകളിൽ ഒരു വൈരുദ്ധ്യമുണ്ടെന്നു തോന്നാം. ആധുനിക ശാസ്ത്രത്തെയും ആധുനിക വിദ്യാഭ്യാസത്തെയും നിരാകരിക്കുകയും പ്രകൃതിയുടെ ദർശനങ്ങളിലേക്ക് തിരിച്ചുപോവുകയുമാണ് മണിക്ഫാൻ പലപ്പോഴും.

എന്നാൽ, മാസപ്പിറവിയുടെ കാര്യത്തിൽ അദ്ദേഹം ശാസ്ത്രത്തെ അത്യധികം ആശ്രയിക്കുന്നു. ഇതൊരു വൈരുദ്ധ്യമല്ലേ എന്ന ചോദ്യത്തിന് അദ്ദേഹത്തിന്റെ മറുപടി, പ്രകൃതിയുടെ പാഠങ്ങൾ ശാസ്ത്രീയമാണെന്നാണ്. അതു തെളിയിക്കാൻ അദ്ദേഹം ഖുർആൻ വചനങ്ങൾ ഉദ്ധരിക്കും. സ്വന്തം കൃഷിയിടത്തിൽ വളരുന്ന ഇലയും പുല്ലും പറിച്ചെടുത്ത് പാകം ചെയ്തു ഭക്ഷിക്കുമ്പോൾ, പോഷകാംശമുള്ള ആഹാരം കഴിക്കുക എന്ന ശാസ്ത്രീയമായ ആശയം, പ്രകൃതിജീവനത്തിലൂടെ തെളിയിക്കപ്പെടുകയാണെന്ന് അദ്ദേഹം പറയും.

ആകാശത്ത് ഏഴാം നാളിലെ ചന്ദ്രൻ. നേർത്ത നിലാവെളിച്ചം. യാത്ര പറഞ്ഞിറങ്ങിയപ്പോൾ നിരത്തോരം വരെ മണിക്ഫാൻ കൂടെ വന്നു. അദ്ദേഹം ആകാശസീമയിലേക്ക് വിരൽ ചൂണ്ടി ചോദിച്ചു: "നോക്കൂ, ഇന്ന് മാസത്തിന്റെ എത്രാമത്തെ ദിവസമാണ്?" കണക്കുകളും തിയറികളും വച്ച് അദ്ദേഹം വാചാലനായി. സൂര്യനും ചന്ദ്രനും ദിനരാത്രങ്ങളുടെ സഞ്ചാരവുമെല്ലാം ദൈവത്തിന്റെ ദൃഷ്ടാന്തങ്ങളാണെന്ന സത്യത്തിലേക്ക് ആ വാക്കുകൾ ആഴ്ന്നിറങ്ങി. യാത്രാവഴിയിൽ കുറേ നേരം അദ്ദേഹത്തിന്റെ വാക്കുകൾ കേട്ട് മിണ്ടാതെ നിന്നപ്പോൾ എന്റെ മനസ്സ് നൊന്തു: സത്യം തേടുന്ന ഈ യാത്രികനെ ലോകം തിരിച്ചറിയുന്നില്ലല്ലോ. ■